

# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 21 No. 12 Newsletter December 2023




''ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം
ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്
ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു'' (ലൂക്കൊസ് 2:10,11).

# WORLD SUNDAY SCHOOL DAY



















# CHURCH VOICE

21st year of publication

**DECEMBER 2023**



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. D. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**



## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Tamil Service | 07:15am |
| | Choir Practice | 08.30am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ...12

**Rev. Dr. L. E. Sahanam**

**ഐക്യചർച്ചകൾ 2-ാം ഘട്ടം**

തികച്ചും അനൗപചാരികമായിട്ടാണ് ഐക്യചർച്ചകൾ ആരംഭിച്ചതെങ്കിലും ഐക്യം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ ചില സഭാനേതാക്കൾ ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്ന വിഷയങ്ങൾ വളരെ ഗൗരവമായി ഏറ്റെടുത്തു. "ദി ട്രാൻകുബാർ മാനിഫെസ്റ്റോ" എന്ന് കരുതാവുന്ന തരംഗപാടിയിലെ പ്രസ്ഥാവന തയ്യാറാക്കുന്നതിൽ എസ്.ഐ.യു.സി. സഭാംഗങ്ങളോടൊപ്പം മെഥഡിസ്റ്റ് ആംഗ്ലിക്കൻ സഭകളിലെ ഏഴ് പട്ടക്കാർ കൂടി പങ്കാളികളായെങ്കിലും സംയുക്ത പ്രസ്ഥാവനയിൽ എസ്.ഐ.യു.സി. പ്രതിനിധികളല്ലാതെ മറ്റാരും ഒപ്പുവച്ചില്ല. അതിനാൽ അത് കോൺഗ്രിഗേഷണൽ പാരമ്പര്യക്കാരും പ്രെസ്ബിറ്ററീരിയൻ വിഭാഗക്കാരും ഉൾപ്പെടുന്ന എസ്.ഐ.യു.സി. യുടെ പ്രകടനമായി മാത്രം പരിണമിച്ചു. എങ്കിലും അതൊരു പാഴ്വേലയായിരുന്നെന്ന് പറയുന്നതിനു സാധിക്കുകയില്ല.

1918 മെയ് മാസത്തെ അനൗദ്യോഗിക ചർച്ചകൾക്ക് നേതൃത്വം നൽകിയ ഇവാൻജലിസ്റ്റിക്ക് ഫോർവേർഡ് മൂവ്മെന്റിന്റെ കൺവീനർ കൂടിയായ എസ്.ഐ.യു.സി. അംഗം റവ.എച്ച്.എ.പോപ്ലേയും (Rev. H.A. Popley) ആംഗ്ലിക്കൻ മിഷനറി റവ.എസ്.ജി. എഡ്ഡിയും (Rev. S.G. Eddy) ഈ സംയുക്ത പ്രസ്ഥാവനക്ക് വിപുലമായ പ്രചാരം നൽകി. റവ.എഡ്ഡി ആംഗ്ലിക്കൻ ബിഷപ്പുമാരായിരുന്ന ബിഷപ്പ് വൈറ്റ്ഹെഡ് (Bishop Whitehead) ബിഷപ്പ് വാൾട്ടർ (Bishop Walter) എന്നിവരെ ചർച്ചകളുടെ വിശദാംശങ്ങൾ ധരിപ്പിക്കുകയും ഒരുമിച്ചു പ്രവർത്തിക്കുന്നതിലൂടെ ആംഗ്ലിക്കൻ സഭക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ഐക്യസഭക്ക് ഉണ്ടാകാവുന്ന വളർച്ചയെക്കുറിച്ചും വിവരിച്ചുകൊടുത്തു. സംയുക്ത പ്രസ്ഥാവനയെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് 1919 മെയ് 15-ാം തീയതി മുപ്പതിലധികം ആംഗ്ലിക്കൻ മിഷനറിമാരുടെ ഒരു യോഗം അവർ വിളിച്ചു കൂട്ടി. ആ യോഗത്തിൽ സന്നിഹിതനായിരുന്ന റവ.എഡ്ഡി 1918 മെയ് മാസത്തെ അനൗദ്യോഗിക ചർച്ചകളെക്കുറിച്ചും ട്രാൻകുബാർ മാനിഫെസ്റ്റോയുടെ സാരംശത്തെക്കുറിച്ചും അവരെ ധരിപ്പിച്ചു. അതിലെ

പ്രസക്തഭാഗങ്ങൾ:

1. ഇന്ത്യയിലെ മതപരവും രാഷ്ട്രീയവുമായ ചുറ്റുപാടുകൾ മിഷൻ പ്രദേശങ്ങളിൽ (in mission fields) വിവിധ സഭാവിഭാഗങ്ങൾ ഒരുമിച്ചു പ്രവർത്തിക്കേണ്ടുന്നത് അനിവാര്യമാക്കിയിരിക്കുന്നു.
2. ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായിത്തീരുന്ന കാലം വിദൂരമല്ല.
3. ചെറു രാജ്യങ്ങൾക്ക് ഒരു രാഷ്ട്രമായിത്തീരുന്നതിനു സാധിക്കുമെങ്കിൽ ഒരേ ദൈവത്തെ ആരാധിക്കുന്ന സഭകൾക്ക് എന്തുകൊണ്ട് ഐക്യസഭയായിച്ചേർന്നുകൂടാ.
4. മേൽപ്പട്ടത്വ ശുശ്രൂഷക്ക് അഥവാ ബിഷപ്പിന് സഭയുടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിനും ഐക്യം ദൃഢമാക്കുന്നതിനും സാധിക്കും. അതിന് ഉപോത്ബല മൂന്നു കാര്യങ്ങൾകൂടെ അദ്ദേഹം അവരെ ധരിപ്പിച്ചു.
    a) എപ്പിസ്കോപ്പൽ ശുശ്രൂഷ ആദ്യ നൂറ്റാണ്ടു മുതൽ ഇന്നുവരെയും സഭയിൽ നിലനിന്നുവരുന്നു.
    b) സഭാനവീകരണകാലം (Reformation) മുതൽ നൂറുകണക്കിന് സഭാവിഭാഗങ്ങൾ നിലവിൽ വന്നെങ്കിലും അവക്കൊന്നിനും സഭകളെ ഒരുമിച്ചു നിറുത്തുന്നതിന് സാധിച്ചിട്ടില്ല.
    c) ഐക്യസഭ രൂപം കൊള്ളുകയാണെങ്കിൽ അത് ആദിമസഭയുമായുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നതും ലളിതവും ഭരണഘടനാപരവും (constitutional) ആയിരിക്കും.

ആംഗ്ലിക്കൻ മിഷനറിമാർ റവ. എഡ്ഡിയുടെ നിർദ്ദേശങ്ങൾക്ക് പച്ചക്കൊടി കാണിച്ചെങ്കിലും ഒരു തീരുമാനത്തിനായി ഉന്നതാധികാരസമിതിയായ ലാംബത്ത് കോൺഫറൻസിന് അയച്ചു കൊടുത്തു.

പത്തു വർഷത്തിലൊരിക്കൽ ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ലാംബത്ത് കൊട്ടാരത്തിൽ ലോകം മുഴുവനുമുള്ള ആംഗ്ലിക്കൻ സഭയുടെ ബിഷപ്പന്മാർ ഒരുമിച്ചു കൂടാറുണ്ട്. ആംഗ്ലിക്കൻ സഭയെ സംബന്ധിച്ചു നയപരവും വിശ്വാസപരവുമായ വിഷയങ്ങളിൽ അന്തിമതീരുമാനം ലാംബത്ത് കോൺഫറൻസിന്റെതാണ്.

ഭാരതത്തിലെ സഭൈക്യത്തെ സംബന്ധിച്ച് ആംഗ്ലിക്കൻ സഭയുടെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ലാംബത്ത് കോൺഫറൻസിന് അയച്ചു കൊടുത്തെങ്കിൽ എസ്.ഐ.യു.സി. ജനങ്ങളുടെ അഭിപ്രായം ആരായുന്നതിന് ജനങ്ങളുടെ പ്രതിനിധി സഭയായ ചർച്ച്

കൗൺസിലുകൾക്ക് അയച്ചു കൊടുത്തു. (എപ്പിസ്കോപ്പൽ സഭകളുടെ അധികാരം മുകളിൽ നിന്ന് താഴേക്ക് എന്ന നിലയിലാണെങ്കിൽ കോൺഗ്രിഗേഷണൽ സഭകളിൽ അധികാരം താഴെ നിന്ന് മുകളിലേക്ക് എന്ന രീതിയിലാണ്. ഇത് അടിസ്ഥാനപരമായ ഒരു വ്യത്യാസമാണ്. ഈ രണ്ടു കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസം ഇന്നും സി.എസ്.ഐ. സഭയുടെ അധികാര വ്യാഖ്യാനത്തിൽ നിലനിൽക്കുന്നു). 1919 ജൂലൈ മാസത്തിൽ മധുരയിൽ സമ്മേളിച്ച ചർച്ച് കൗൺസിൽ യോഗം ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. വിശദമായ പഠനത്തിന് റവ.എ.ടി. ഫോസ്റ്റർ (മിഷനറി) റവ. ജെ.എം.കേസൽ (പാസ്റ്റർ) ശ്രീ.പോൾ ഡാനിയേൽ (അയ്മേനി) എന്നിവരുൾപ്പെടുന്ന ഒരു സബ്കമ്മറ്റിയെ നിയമിക്കുകയും ചെയ്തു.

1919 സെപ്തംബർ 29-ന് കോഴിക്കോട് സമ്മേളിച്ച് എസ്.ഐ.യു.സി.യുടെ ജനറൽ കൗൺസിൽ യോഗം സഭൈക്യത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട വേദശാസ്ത്രവിഷയങ്ങളെക്കുറിച്ചും വിശദമായി പഠിക്കുന്നതിന് ആരംഭം കുറിച്ചു. തരംഗം പാടി ചർച്ചകളിൽ പങ്കാളിയായിരുന്ന എസ്.ഐ.യു.സി.യുടെ അധ്യക്ഷൻ കൂടിയായ റവ.വി.സാന്റിയാഗോ ഐക്യചർച്ചകളുടെ പശ്ചാത്തലത്തെക്കുറിച്ചും സഭൈക്യത്തിന്റെ അനിവാര്യതയെക്കുറിച്ചും വിവരിക്കുകയും 'തരംഗംപാടി മാനിഫെസ്റ്റോ' എൽ.എം.എസിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് അനുസൃതമാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു (എൽ.എം.എസി.ന്റെ ചാർട്ടറിൽ പറയുന്നത് അത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ഏതെങ്കിലും സഭാവിഭാഗത്തെ വളർത്തുന്നതിനല്ല; മറിച്ച് ലോകമെങ്ങും സുവിശേഷം അറിയിക്കുന്നതാണ് പ്രഥമമായ ലക്ഷ്യം എന്നാണ്. പ്രാദേശിക സഭകളുടെ സ്വയം ഭരണാവകാശം നിലനിറുത്തിക്കൊണ്ടായിരിക്കും ഐക്യസഭക്ക് രൂപം കൊടുക്കുക എന്നദ്ദേഹം പ്രത്യേകം എടുത്തു പറയുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത 80 പേരിൽ 2 പേർ ഒഴികെ മറ്റെല്ലാവരും ഐക്യനിർദ്ദേശത്തെ സ്വാഗതം ചെയ്തു. മാത്രമല്ല, ഇന്ത്യയിൽ ആംഗ്ലിക്കൻ സഭയുമായും മാർത്തോമാ സഭയുമായും ചേർന്ന് ഒരൈക്യസഭ രൂപം കൊള്ളുന്നതിലുള്ള സന്തോഷം രേഖപ്പെടുത്തുന്ന ഒരു പ്രമേയവും പ്രസ്തുത സമ്മേളനം പാസാക്കുകയുണ്ടായി.

ഐക്യത്തെക്കുറിച്ച് വളരെ ആവേശത്തോടെ പ്രസ്തുത സമ്മേളനത്തിൽ സംസാരിച്ചെങ്കിലും അതിന്റെ വിശദാംശങ്ങളിലേക്കു കടക്കുമ്പോഴുണ്ടാകാവുന്ന നൂലാമാലകളെക്കുറിച്ചുള്ള ആശങ്കകളും ചിലർ

പങ്കുവയ്ക്കാതിരുന്നില്ല. അതിൽ ഏറ്റവും പ്രധാനമായതാണ് ബിഷപ്പെന്ന പദവിയെയും അദ്ദേഹത്തിന്റെ അധികാരപരിധിയെയും സംബന്ധിച്ചുള്ള ചോദ്യങ്ങൾ. അതുകൊണ്ട് കരടുനിർദ്ദേശത്തിൽ സൂചിപ്പിച്ച ഭരണഘടനക്കധീനമായ ബിഷപ്പിന്റെ ശുശ്രൂഷ (Constitutional episcopacy) എന്നതിനെക്കുറിച്ചു വിശദമായി പഠിക്കുന്നതിന് ഒരു സബ്കമ്മറ്റിയെ പ്രസ്തുത സമ്മേളനം നിയോഗിക്കുകയും ചെയ്തു.

ഐക്യസഭയിൽ പട്ടക്കാർക്കുണ്ടായിരിക്കേണ്ടുന്ന സ്ഥാനത്തെക്കുറിച്ചായിരുന്നു വിശദമായ ചർച്ചകൾ നടന്ന മറ്റൊരു പ്രധാന വിഷയം. പട്ടത്വശുശ്രൂഷ ബിഷപ്പിന്റെ ശുശ്രൂഷയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു എന്നതാണ് അടിസ്ഥാന പ്രശ്നം (ആംഗ്ലിക്കൻ സഭയിൽ ബിഷപ്പിന്റെ 'കൈവെപ്പിലൂടെ' മാത്രമെ ഒരു വ്യക്തിയെ പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ (Ordination through the laying of hand by the bishop) എന്നാൽ എസ്.ഐ.യു.സി.യിൽ, അത് കോൺഗ്രിഗേഷണൽ പാരമ്പര്യത്തിൽ നിന്നായാലും പ്രെസ്ബിറ്ററിയൻ പാരമ്പര്യത്തിൽ നിന്നായാലും സഹപട്ടക്കാരുടെയും, അയ്മേനി പ്രതിനിധികളുടെയും കൈവെപ്പിലൂടെയാണ് പട്ടത്വം നൽകുന്നത്. അതിനു കാരണം എല്ലാ വിശ്വാസികളെയും 'രാജകീയ പുരോഹിത വർഗ്ഗമായി' ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന അവരുടെ അടിസ്ഥാന വിശ്വാസമാണ്. ബിഷപ്പിന്റെ കൈവെപ്പിലൂടെ അല്ലാതെ പട്ടത്വശുശ്രൂഷയിലേക്കു പ്രവേശിപ്പിക്കപ്പെട്ടവരെ ബിഷപ്പിന്റെ കൈവെപ്പിലൂടെ പട്ടത്വത്തിലേക്കു പ്രവേശിപ്പിക്കപ്പെട്ടവർക്കു തുല്യരായി കാണുന്നതിന് ആംഗ്ലിക്കൻ സഭാപ്രതിനിധികൾ വൈമുഖ്യം കാണിച്ച പശ്ചാത്തലത്തിൽ എസ്.ഐ.യു.സി.യുടെ പൊതു സമ്മേളനം മൂന്ന് സുപ്രധാന നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

1. ബിഷപ്പ് പൊതുസഭക്ക് (General Council) വിധേയമായി പ്രവർത്തിക്കണം.
2. ഐക്യസഭയിൽ പങ്കാളികളാകുന്ന പട്ടക്കാരുടെ ശുശ്രൂഷ പരസ്പരം അംഗീകരിക്കുകയും അവർക്ക് പരിപൂർണ്ണ തുല്യത കല്പിക്കുകയും വേണം.
3. ഇത്തരത്തിൽ രൂപം കൊള്ളുന്ന ഐക്യസഭ സ്വതന്ത്രവും, സ്വയംഭരണക്രമമുള്ളതുമായിരിക്കും (independant and autonomous). ഏതെങ്കിലും പാശ്ചാത്യസഭയുടെയോ മിഷനറി സംഘടനയുടെയോ നിയന്ത്രണത്തിലായിരിക്കുന്നതാകരുത്.

എസ്.ഐ.യു.സി. ചർച്ച് കൗൺസിലിന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും മാർത്തോമാ സഭയുടെയും ആംഗ്ലിക്കൻ സഭയുടെയും പരിഗണനക്കായി അയച്ചു കൊടുത്തു. മൂന്നുകാര്യങ്ങൾ അവർ ആവശ്യപ്പെട്ടു.

1. മേൽവിവരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം ഭരണാധികാരവും, പരമാധികാരവുമുള്ള ഒരു സ്വതന്ത്രസഭയായി ദക്ഷിണേന്ത്യയിൽ നിലനില്ക്കുക
2. ഭരണഘടനക്കധീനപ്പെട്ടുള്ള ഒരു മേല്പട്ടത്വം (episcopacy) അംഗീകരിക്കുക.
3. മറ്റ് സ്വതന്ത്ര സഭകളുമായി ആത്മീയ കൂട്ടായ്മ കാത്തു സൂക്ഷിക്കുക.

കിഴക്കൻ സഭകളുടെ (Eastern Churches) ഭാഗമായിരിക്കുകയും അതിൽ നിന്ന് വേർപിരിഞ്ഞു രൂപം കൊള്ളുകയും ചെയ്ത മാർത്തോമാ സഭക്ക് ഭരണഘടനക്കധീനമായ എപ്പിസ്ക്കോപ്പസി അംഗീകരിക്കുക അത്ര എളുപ്പമായിരുന്നില്ല. മാത്രമല്ല, മറ്റു പല നിർദ്ദേശങ്ങളും അവർക്ക് സ്വീകാര്യമായിരുന്നില്ല. അതിനാൽ അവർ തുടർ ഐക്യചർച്ചകളിൽ നിന്നും വിട്ടുനിന്നു. വെസ്ലിയൻ മെഥഡിസ്റ്റ് സഭകളും ആദ്യഘട്ടത്തിൽ വലിയ താല്പര്യം കാണിച്ചില്ല.

1921 സെപ്തംബറിൽ നാഗർകോവിലിൽ സമ്മേളിച്ച എസ്.ഐ.യു.സിയുടെ പൊതുയോഗം (general assembly) ക്രൈസ്തവ സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി സാധിക്കുന്നതെല്ലാം ചെയ്യുന്നതിന് എസ്.ഐ.യു.സി. തയ്യാറാകണമെന്നും അതിനായി 1919-ലെ പ്രസ്താവനയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഭരണഘടനാധിഷ്ഠിതമായ മേൽപട്ടത്വ ശുശ്രൂഷ (Constitutional episcopacy) എന്ന ആശയം വേണ്ടിവന്നാൽ ഉൾക്കൊള്ളണമെന്നും തീരുമാനിക്കുകയുണ്ടായി. (SIUC should be willing for the sake of doing what it can to forward the cause of union in Christendom to accept a constitutional episcopacy as defined in the 1919 September resolution).

1921-ലെ എസ്.ഐ.യു.സി. ജനറൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ അംഗീകാരത്തിനും സ്ഥിരീകരണത്തിനുമായി അന്ന് നിലവിലിരുന്ന എട്ട് പ്രാദേശിക കൗൺസിലുകൾ (District council)ക്ക് അയച്ചുകൊടുത്തു. ഇവയിൽ നാല് കൗൺസിലുകൾ അനുകൂലമായ മറുപടി നൽകി. ട്രാവൻകൂർ ചർച്ച് കൗൺസിൽ അതിന്റെ വിവക്ഷിതാർത്ഥങ്ങൾ (implications) പഠിക്കുന്നതിന് ഒരു സബ് കമ്മറ്റിയെ ചുമതലപ്പെടുത്തി. സമയപരിമിതിമൂലം അംഗീകാരം നൽകിയ നാല് കമ്മറ്റികളുടെ നിർദ്ദേശങ്ങളും മറ്റ് ചില അംഗങ്ങൾ ഉയർത്തിയ ചോദ്യങ്ങളും ഏകോപിപ്പിച്ച് റവ. ഫോസ്റ്ററിന്റെ നേതൃത്വത്തിൽ നിയമിച്ച സബ്കമ്മിറ്റി എസ്.ഐ.യു.സി. ജനറൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി.



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of November 2023.

By the grace of God Almighty, worship services were conducted on all Sundays. Sermons for Tamil services at 7:15am were given by Mr. Albert Daniel Vinodh, Mrs.Meehal Godwin, Mr.ZeamEnock and Mr. George Stephen (Literary Society).Mr. Bernard Grace, Mr. Rajeev Kumar R. R., Mr. Edward John and Rev. Dr. L. E. Sahanam gave sermons for Malayalam service, which was held at 9:00 am.

Fasting prayer was conducted on second Saturday from 10 am onwards. Worship and songs were led by CEYF and sermon was delivered by Rev. Crispin Baju. Many members of our church lead the intercession prayer.

Circle prayers were arranged on Fridays. Circle prayers were conducted at the residences of Sri. Samuel David, Mrs.Santha A. and Mr. Mahesh Hilkiah Rose. Online prayer from 8:00 pm to 9:00 pm, on all days, except Sunday and intercession prayer on Sundays, from 12:00 noon to 1:00 pm are going on with good attendance. Vestry prayer was held on all Mondays, from 5:00pm to 6:00 pm, led by Rev. Dr. L. E. Sahanam and Prof. Raja Prasad.

Practice for carol rounds was conducted on all Thursdays. Many members of our church actively participated for the practice sessions.

Activities of all sub-organizations went on well. World Sunday School Day was observed on Sunday, 5th November 2023. A procession was organised by Sunday School. On that day the services were led by our Sunday School teachers and students. 12th November 2023 was observed as Choir Day. On that day, Church Choir members lead the Sunday services. Choir get together was organised at 6:00pm on the same day. Men's Sunday was celebrated on 19th November 2023. Members of Men's Fellowship lead the services. Combined anniversary of sub organizations was celebrated on Sunday, 26th November at 5:00pm.

The Managing Committee of MMCCF met on 19th November at 2:00pm in the Johnson Hall for routine discussions and passed the accounts for the month of October 2023.

Our efforts to regain the possession of MM church campus are progressing. I take this opportunity to thank all who are rendering their support to make all activities successful and acceptable to our God Almighty. Let's continue to pray and work together in unity.

**Adv. Sarjine Thomas**

**Satan is a defeated foe**

"Satan may win some battles,
but he has already lost the war"
"Because God is with us,
we need not fear what lies ahead"
"Fire refines gold.
Adversity refines man"
"He who waits on the Lord will not be crushed
by the weights of adversity"
Because the Lord is watching over us,
we don't have to fear the dangers around us"

# കാലിക പ്രസക്തിയോടെ ക്രിസ്തുമസ്സ് അനുഭവവേദ്യമാക്കാം



ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

**ആചാരങ്ങൾക്കതീതമായ അനുഭവം**

ലോക രക്ഷകനായ യേശു ക്രിസ്തു ഭൂമിയിൽ വന്നു പിറന്നത് എന്തിന്? ഡിസംബർ 25-ന്റെ ആഘോഷങ്ങൾക്ക് പ്രസക്തിയുണ്ടോ? **ഇന്നത്തെ നവസമൂഹത്തിൽ ക്രിസ്തുമസ്സ് നൽകുന്ന ദൂത് എന്താണ്?** ചരിത്രപരമായി, കോൺസ്റ്റൻറിൻ ചക്രവർത്തിയുടെ കാലഘട്ടത്തിലാണ് (എഡി-336) ക്രിസ്തുമസ്സ് (ക്രിസ്തുപിറവി) ആഘോഷിക്കപ്പെട്ടത്. ആരംഭത്തിൽ, ജനുവരി 6-നാണ് ഇത് ആഘോഷിച്ചിരുന്നത്. പൌരസ്ത്യ സഭകളിൽ നിന്നും ക്രിസ്തുമതം പാശ്ചാത്യ നാടുകളിലേക്ക് വ്യാപിച്ചപ്പോൾ, ഇന്ന് നാം കാണുന്നതുപോലുള്ള അനേകം പ്രാദേശിക സാംസ്ക്കാരിക ആചാരങ്ങൾ ക്രിസ്തുമസ്സ് പാരംപര്യത്തിന്റെ ഭാഗമായിത്തീർന്നു. അത്തരം പല പരിചയങ്ങളും ഇന്നും ആചരിക്കപ്പെടുന്നുണ്ട്. ഈ നൂറ്റാണ്ടിൽ ഒരിയ്ക്കലും കണ്ടിട്ടില്ലാത്ത വിധത്തിൽ സംഹാരകൻ ലോകമെങ്ങും അഴിഞ്ഞാടി. ആഗോള തലത്തിൽ കോവിഡ് മഹാമാരി ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവൻ അപഹരിച്ചു. യുദ്ധം, ക്ഷാമം, അനീതി, അക്രമം, രാഷ്ട്രീയം, അരാജകത്വം, സ്വാർത്ഥത, അസമാധാനം, അശാന്തി, ഭാവിയെക്കുറിച്ചുള്ള ആശങ്ക, അനിശ്ചിതാവസ്ഥ എന്നിവ ഒക്കെ നിലനില്ക്കുമ്പോഴും പരംപരാഗത ആഘോഷങ്ങളോടു കൂടെ ക്രിസ്തുമസ്സ് കൊണ്ടാടുവാൻ ലോകജനത ഉറച്ചുനിൽക്കുകയാണ്. ഈ ആണ്ടിലെ ക്രിസ്തുമസ്സ് ആഘോഷ ശൈലിക്ക് കാലാനുസൃതമായി മാറ്റം വേണ്ടായോ? തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കൃസ്തുപിറവിയിലേക്ക് നമുക്കൊന്ന് യാത്ര ചെയ്യാം.

**മണ്ണിലേക്കുള്ള വിണ്ണിന്റെ യാത്ര**

“നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും” (യെശ. 9:6). അനന്തമായ ദൈവസ്നേഹവും, അതുല്യമായ ദൈവകൃപയും മാനവജാതിക്കു ചൊരിയപ്പെട്ടതിന്റെ പ്രകടഭാവമാണ് തിരുജനനം. ദൈവം മനുഷ്യനായി മണ്ണിൽ പിറന്ന

ദിവസം. വലിയവനായ ദൈവം ഏറ്റവും ചെറിയ മനുഷ്യനായി, ശിശുവായി തീർന്ന ദിവ്യമുഹൂർത്തം. "അവൻ ദൈവസ്വരൂപത്തിൽ ഇരിക്കെ ദൈവത്തോട് സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി....." (ഫിലി. 2:67). മനുഷ്യാവതാരത്തിലൂടെ ദൈവം മനുഷ്യന്റെ സാധാരണ ജീവിതത്തിൽ പങ്കാളിയായിത്തീർന്നു. **ക്രിസ്തുമസ്സ് ഒരു യാത്രയാണ്. നഷ്ടപ്പെട്ട ആടിനെത്തേടിയുള്ള സ്വർഗസ്ഥനായ ഇടയന്റെ ഭൂമിയിലേക്കുള്ള യാത്ര.** മനുഷ്യനെ സന്ദർശിക്കുവാൻ ബേത്ത്ലെഹേം മലഞ്ചരുവിൽ വന്നിറങ്ങിയ ദൈവപുത്രനെ സസന്തോഷം സന്ദർശിക്കുവാൻ ആട്ടിടയരും വിദ്വാന്മാരും പുറപ്പെടുന്നു. ദൈവമനുഷ്യ സന്ദർശനങ്ങൾ സമന്വയിക്കുന്ന തിരുനാളാണ് ക്രിസ്തുമസ്സ്. ഈ ക്രിസ്തുമസ്സിൽ നമ്മിലെ ക്രിസ്തുവിനെ കാണാൻ കാത്തിരിക്കുന്ന ഒരാളെങ്കിലും ഉണ്ടെന്ന് നാം തിരിച്ചറിയണം. യേശുക്രിസ്തുവിനെ വ്യക്തിജീവിതത്തിൽ കണ്ടറിഞ്ഞ നമുക്ക് ക്രിസ്തുവിനെ പ്രതിബിംബിക്കാൻ കഴിയുന്നുണ്ടോ? രക്ഷിതാവിനെ എതിരേൽക്കാൻ നാം ഒരുങ്ങിയിട്ടുണ്ടോ? ഇന്നിന്റെ ലോകത്തിൽ എവിടെയാണ് കാരുണ്യരൂപിയായ ഉണ്ണിക്കു പിറക്കാൻ ഇടം ലഭിക്കുക?

വഴിയമ്പലക്കാരൻ ഇവിടെ സ്ഥലമില്ല (ലൂക്കൊ. 2:7) എന്നു പറഞ്ഞു യോസേഫിനെയും മറിയയെയും പുൽക്കൂട്ടിലേക്ക് പറഞ്ഞു വിട്ടതുപോലെ നമ്മോടൊപ്പം വസിക്കാൻ വരുന്ന യേശുവിനെ, ഇവിടെ സ്ഥലമില്ല എന്ന് പറഞ്ഞു എത്ര എത്ര സന്ദർഭങ്ങളിലാണ് മറ്റ് സ്ഥലങ്ങളിലേക്ക് നമ്മൾ പറഞ്ഞയച്ചത്? **മനുഷ്യ ജീവിതത്തിന്റെ പാഴും നശ്വരവുമായ ആർഭാടങ്ങളും മിന്നിമറയുന്ന പ്രതാപത്തെ വിളിച്ചോതുന്ന മായക്കാഴ്ചകളും വറ്റിവരണ്ട സാമൂഹ്യ ബന്ധങ്ങളിൽ എവിടെയാണ് ക്രിസ്തുദേവന് സ്ഥാനമുണ്ടാകുക?** മുഖ്യധാരയിൽ സ്ഥാനമില്ലാതെ, ജീവിതത്തിന്റെ വെളിമ്പറമ്പിൽ കഴിഞ്ഞിരുന്ന ഇടയൻമാർക്കാണു സ്വർഗസമാധാനത്തിന്റെ ദർശനമുണ്ടായത്. ഇല്ലായ്മയുടെ ഇടത്തേക്ക് ഇല്ലാത്തവരുടെ മധ്യത്തിലേക്കാണ് മശിഹാ ആഗതനായത്. രാവിന്റെ ശൈത്യം ചെറുത്തുനിൽക്കുന്നതിനു ശിശുവിന് നല്കാൻ അമ്മ മറിയക്ക് ശീലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ കൊടും തണുപ്പിലും, ആട്ടിടയൻമാരുടെ ഉള്ളിനെ ഊഷ്മളമാക്കുന്നൊരു മശിഹയുടെ വരവിനെയാണ് ദൂതന്മാർ വിളിച്ചോതിയത്. ദൂതസംഘത്തിന്റെ വാർത്ത വിശ്വസിച്ച ഇടയൻമാർ അത് ഉൾക്കൊണ്ടുകൊണ്ട് സുവാർത്താ

ദൂതുവാഹകരായി. നമ്മുടെ സമസൃഷ്ടങ്ങളോട് ഈ ദൂതറിയിക്കുന്നതിൽ നമ്മുടെ പങ്ക് നാം യഥോചിതം നിർവഹിച്ചിട്ടുണ്ടോ?

**രക്ഷണ്യ പ്രവർത്തിയിലെ പങ്കാളിത്തം**

ദൈവത്തിന്നു സർവസൃഷ്ടികളോടുമുള്ള ആഴമേറിയ ബന്ധത്തിന്റെ കൂട്ടായ്മയാണ് തിരുപ്പിറവി. ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുക്കാണ് ക്രിസ്തുമസ്സ്. ഇത് വീണ്ടെടുപ്പിന്റെ വിളംബരമാണ്. ‘‘തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” (യോഹ. 3:16). ഇത് പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. യേശു ക്രിസ്തുവിലൂടെ നാം ദൈവമുഖമാണ് കാണുന്നത്. എന്താണ് ക്രിസ്തുമസ്സ് നമ്മോടു ആവശ്യപ്പെടുന്നത്? യേശുവിന്റെ ജനനത്തിങ്കൽ ഒരു വിശേഷ നക്ഷത്രം പ്രത്യക്ഷമായി. നമ്മുടെ പോർച്ചുകളിലും ബാൽക്കണികളിലും പ്രകാശിക്കുന്ന നക്ഷത്രങ്ങളുടെ വെളിച്ചം ഒരു മനോഹര ദൃശ്യം തന്നെ. എന്നാൽ, നമ്മുടെ ജീവിത സാക്ഷ്യത്തിന്റെ വെളിച്ചം (ദയയും, സ്നേഹവും, സഹിഷ്ണുതയും, ക്ഷമയും) ഇതിലേറെ ശോഭ നൽകേണ്ടതുണ്ട്. യേശു തന്റെ അനുയായികളോടു പറഞ്ഞു: നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (മത്തായി 5:14). അവർ കിഴക്ക് കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിന് മീതെ വന്നു നിൽക്കുവോളം അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു (മത്തായി 2:9). ദിശമാറിപ്പോകാമായിരുന്നവരെ ബഹുദൂരം യേശുവിങ്കലേക്കു നയിച്ച നക്ഷത്രത്തെപ്പോലെ ജ്യോതിസ്സുകളായി അനേകരെ യേശുവിങ്കലേക്കു ആനയിക്കാൻ വഴികാട്ടിയായ ഒരു നക്ഷത്രമായിത്തീരാൻ ദൈവം നമ്മെ വിളിക്കുന്നു.

**കാലിത്തൊഴുത്തിന്റെ ആകർഷണവലയം**

തകർന്നു തരിപ്പണമായി വിവിധ സംഘർഷങ്ങളുടെയും, കൊടുംകാറ്റിന്റെയും, തീച്ചൂളയുടെയും, സാമ്പത്തിക തകർച്ചയുടെയും നടുവിൽ ആടിയുലയുന്ന ജീവിതങ്ങളോട് ചേർന്ന് നിന്നുകൊണ്ടു മാത്രമേ ക്രിസ്തുമസ്സ് സന്തോഷം നമുക്ക് അനുഭവിക്കാനാകൂ. നമുക്കൊന്ന് തല ഉയർത്തി നോക്കാം. ചുറ്റുപാടുകളിൽ വിവശത അനുഭവിക്കുന്നവർക്ക് ഒരു സഹായഹസ്തം നീട്ടാം. ഹൃദയം തുറന്നു നമ്മുടെ പക്കലുള്ളതിനെ പങ്കിടാം. യേശു പിറവിയെടുത്ത കാലിത്തൊഴുത്ത് നാലുവശവും തുറക്കപ്പെട്ടതാണ്. അത് ആരെയും ഒഴിവാക്കുന്നില്ല.

അവർ ബദ്ധപ്പെട്ടു ചെന്നു, മറിയയെയും യോസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു (ലൂക്കൊ. 2:26). ആകാംക്ഷയോടെ നവജാത ശിശുവിനെ കാണാൻ വരുന്ന എല്ലാവർക്കും കടന്നുവരാൻ പാകത്തിനുള്ള തൊഴുത്ത്. ആരും നശിച്ചുപോകാതെ എല്ലാവരും തന്നിലേക്കാകർഷിക്കപ്പെടണം എന്നാണ് ദൈവാഗ്രഹം. ആരും ഒഴിവാക്കപ്പെടാൻ പാടില്ല, അഥവാ എല്ലാവരും ദൈവഹിതം തിരിച്ചറിഞ്ഞു ജീവിക്കുന്നവരാകണം എന്നതാണു ക്രിസ്തുവിന്റെ ജനനം നമുക്ക് നൽകുന്ന സന്ദേശം.

**ദൈവസാമീപ്യവും ക്രിസ്താനുഭവവും**

നമ്മിൽ ദൈവസ്നേഹമില്ലാത്തതിനാൽ, സ്രഷ്ടാവിനെക്കാളേറെ നാം സൃഷ്ടിയെ സ്നേഹിക്കുന്നതിനാൽ തന്നെ, നമ്മുടെ ദൈവാലയങ്ങളിലും ആരാധനകളിലും കൂട്ടായ്മകളിലും എന്തിനേറെ നമ്മുടെ സ്വന്തം കുടുംബങ്ങളിലും ദൈവസാന്നിദ്ധ്യം ഇല്ലാതെ പോകുന്നു. എല്ലാം കേവലം കടപ്പാടുകളും നിരർധകമായ ചടങ്ങുകളുമായിത്തീരുന്നു. ക്രിസ്തുമസ്സ് അനുഭവത്തിലൂടെ അതിനൊരു സമൂല മാറ്റം നമ്മിലേവരിലും ഉണ്ടാകട്ടെ. സർവജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷമാണ് (ലൂക്കൊ.2:10) യേശുവിന്റെ ജനനം. സർവജനത്തോടുംകൂടെ വസിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്ന അനുഗൃഹീതമായ ദൈവസാമീപ്യമാണ് ക്രിസ്തുജയന്തി. കൃസ്താനുഭവത്തിലൂടെ (ക്രിസ്തുമസ്സ് അനുഭവത്തിലൂടെ) ഇന്നത്തെ അവസ്ഥയിൽ നമ്മിലൊരു സമൂല മാറ്റം സംഭവിക്കട്ടെ.

**പുത്രസ്വീകാര്യവും സമർപ്പണവും**

സകല സൃഷ്ടിയുടെയും രക്ഷക്കായി ദൈവം ജഡം ധരിച്ചു നിത്യസന്തോഷം പകർന്നതാണ് ക്രിസ്തുമസ്സ്. എല്ലാ പിറവികൾക്കും ആദികാരണമായ ദൈവം തന്റെ പുത്രനെ ലോകത്തിന് സംഭാവന നല്കിയ ദിനം, അഥവാ ദൈവത്തിന്റെ പുത്രനെ ലോകം സ്വീകരിച്ച സുദിനമാണ് ക്രിസ്തുമസ്സ്. പ്രതീക്ഷയുടെയും പ്രത്യാശയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് ക്രിസ്തുമസ്സ് നമുക്ക് നൽകുന്നത്. ക്രിസ്തുമസ്സ് കേവലം ഒരു ആഘോഷമല്ല, ഒരു യഥാർത്ഥ ചരിത്ര സംഭവമാണ്; ഒരനുഗ്രഹമാണ്, ഒരനുഭവമാണ്. അതുകൊണ്ടു ഈ വർഷത്തെ ക്രിസ്തുമസ്സ് യാഥാർദ്ധ്യമായിത്തീരാൻ നമ്മുടെ ഓരോരുത്തരുടെയും ഹൃദയ പുൽക്കൂട്ടിൽ ക്രിസ്തുവിന് ജനിക്കാൻ നമുക്ക് ഇടം നൽകാമോ?

*പാട്ട്*

## എം എം ചർച്ച് കോമ്പൌണ്ടിലേക്ക്



**വി. ജസ്റ്റിൻ**

1) പുറപ്പെടുവിൻ നാഥനെ സ്വീകരിപ്പാൻ
എം എം ചർച്ച് കോമ്പൌണ്ടിലേക്ക്
സാത്താനെ തോല്പിച്ചു പുതു
ജീവനോടെ മുന്നേറാൻ!

2) സന്തോഷിപ്പിൻ സാത്താൻ തോറ്റതിന്
ആർത്ത് ഘോഷിപ്പിൻ ദൈവത്തിന് സ്തുതി
ദൈവം തക്ക സമയത്തിൽ
നമ്മെ സഹായിച്ചിരിക്കുന്നു!

3) ഇന്നുവരെ ദൈവം ചെയ്ത നന്മകൾ
ഒന്നും മറക്കാതെ ദൈവ കൃപയ്ക്കായി
ദൈവത്തെ സ്തുതിക്കാം
എപ്പോഴും ദൈവത്തെ സ്തുതിക്കാം.

4) സാത്താന്റെ പ്രേരണയാൽ എഴുതിയ
എം എം ചർച്ച് കത്തീഡ്രൽ എന്ന ബോർഡ്
ഇനി എം എം ചർച്ച് കോമ്പൌണ്ടിൽ വേണ്ടാ
അത് എന്നെന്നേക്കുമായി മാറ്റിടാം!

---



## പ്രതിവാര ധ്യാനം

**ഡിസംബർ 3**

**സന്തോഷപൂർവ്വം ക്രിസ്തുവിന്റെ വരവിനായ് ഒരുങ്ങുക**

യിരെ 33:10-16, സങ്കീ. 68:11-20, 1 തെസ്സ. 3:6-13, ലൂക്കൊ. 1:39-45

**ഡിസംബർ 10**

**ക്രിസ്തുവിന്റെ വചനം: നമ്മുടെ പാതയ്ക്ക് പ്രകാശം**

യെശ. 55:6-13, സങ്കീ. 119:105-112, ഗലാ. 1:11-17, ലൂക്കൊ. 1:67-80

**ഡിസംബർ 17**

**രക്ഷയുടെ പ്രത്യാശ**

സെഫന്യാവ് 3:14-20, സങ്കീ. 43, 2 പത്രോ. 3:8-3; മത്തായി 1:18-25

*പാട്ട്*

## കരുതുന്ന ദൈവകരം



S.R. ചന്ദ്രിക ജയദാസ്

പ്രതികൂലങ്ങളിൽ താങ്ങുവാൻ എന്നും
കരുതുവാൻ ദൈവകരങ്ങളുണ്ട്.
പ്രതികൂലങ്ങളെ അനുകൂലമാക്കിടും
യേശു ഇന്നും ജീവിക്കുന്നു.

യേശു നല്ല ഇടയൻ അവൻ
എന്നും മതിയായവൻ (2)
മാറാത്തനാഥൻ മറക്കാത്തനാഥൻ
താങ്ങിനടത്തുവാൻ മതിയായവൻ (2) പ്രതികൂലങ്ങളിൽ

ആശ്വാസദായകാ ആനയിച്ചിടാം
വിശ്വാസവീരരായ് മുന്നേറിടാം (2)
വാഗ്ദത്ത നാടുനോക്കിയാത്ര ചെയ്തിടാം
യേശുവിൻ മക്കളായ് മുന്നേറിടാം (2) യേശുനല്ല ഇടയൻ

യേശുവിൽ എന്നും ആശ്രയിച്ചിടാം
യേശുവെ നോക്കിയെന്നും യാത്ര ചെയ്തിടാം (2)
പാപത്തെ വെറുത്തിടും പാപിയെ സ്നേഹിച്ചിടും
യേശുവെ നോക്കിയെന്നും മുന്നേറിടാം (2) യേശുനല്ല ഇടയൻ

---



*തുടർച്ച...*

## പ്രതിവാര ധ്യാനം

**ഡിസംബർ 24**

**സന്തോഷിപ്പിൻ, ഇതാ കർത്താവ് വരുന്നു**

സെഖ. 2:6-13, സങ്കീ. 50:1-2, 1 തെസ്സ. 5:12-24, ... 16:16-24

**ഡിസംബർ 25**

**ക്രിസ്തുമസ്സ് സമാധാനത്തിനൊരു രാജകുമാരനെ കണ്ടെത്തുന്നു**

യെശ. 9:2-7, സങ്കീ. 85:8-13, എഫെ. 1:3-14, ലൂക്കൊ. 2:1-14

**ഡിസംബർ 31**

**കുടുംബം ദൈവത്തിന്റെ സമ്മാനം**

യോശുവ. 24:14-22, സങ്കീ. 128, എഫെ. 3:14-21, മർക്കൊ. 3:31-35

# CHOIR SUNDAY



# MEN'S FELLOWSHIP SUNDAY



# Combined Anniversary of Sub -Organisations



# Combined Anniversary of Sub -Organisations



















# നിത്യതയിൽ പത്ത് വയസ്സ്

13-01-2024



## കെ. സരസമ്മ

(റിട്ട. സീനിയർ അക്കൗണ്ടന്റ്)
W/o സൈറസ്സ് ഇ., ചിറക്കുളം റോഡ്

പ്രത്യാശയോടെ ജീവിച്ച്, പ്രത്യാശയോടെ കടന്നുപോയ
ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത
ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു

*സമസ്ത കുടുംബാംഗങ്ങൾ*

# 5th Death Anniversary



*In ever loving memory of*

## Shri. H Albert Jones (84)

TC No. 11/511, NRA -33,
Nanthan Nagar,
Nanthencode, Trivandrum.

**Died on 11-11-2018**

Inserted by wife: Jeeva Retam E.,
Children and Grandchildren

*Poem*

# SERVANT LEADER

- CES

Everyone wants to be a leader
No one likes to become a servant
Way to successful leadership:
Is always based on servant-hood

Greatness comes through serving
And not by being served
Bossism doesn't solve problems
So, Leaders focus on serving

Great men Joseph, Moses, Joshua
Were all first servants to the core
We are groomed to serve Christ
The Lord will reward in due time

A servant doesn't seek convenience
But obeys God out of conviction
He allows others to treat him unfairly
And joyfully serves others unconditionally

Serve willingly, it's a matter of action
All of mankind are servants of God:
Are you a servant of Jesus Christ?
Then develop the heart of 'servant leader'

H.W. Longfellow:
“Not in the clamour of the crowded street
Not in the shouts and plaudits of the throng
But in ourselves are triumph and defeat”
Fanny Crossby:
“Oh, what a happy soul am I
Although I cannot see
I am resolve that in the world
Contented I will be”



# CHRISTMAS GIFT - UNEXPECTED

**Dr. G. O. Robertson**

It is that time of the year again - the bright lights and stars in the church premises, Christmas trees in the malls and the sound of carols in the air. More than any other time of the year, it is at Christmas that people ponder over the gifts to be bought and distributed. It can either be the gifts you need to buy for the ones you love or the gifts you want for yourself. In the book of Mathew Jesus was talking to the crowds that had gathered to hear Him and this was what He told them about gifts, "If you sinful people know how to give good gifts to your children how much more your heavenly Father give good gifts to those who ask him"(Mathew:7:11). So it is confirmed that we are a gift-giving people and God is a gift-giving God.

Have you ever wondered who invented the Christmas gift? Well this may surprise some of you - it was the Magi or whom we familiarly know as The Three Wise Men. Ever since the wise men from the east showed up at the stable carrying gold, frankincense, and myrrh, people have been exchanging gifts at Christmas. Of course it is much more complicated today than it was for the wise men. For one thing, that they did not have to compete with packed shopping malls, last minute shopping and Christmas lists. The Magi did not have to worry about sizes or colours or the latest ipods, computer games and Barbie dolls: just plain gold, frankincense and myrrh.

Well this year just like every year, millions of people, both children and adults will open millions of gifts. Some won't fit, some will be the wrong colour and many will be returned or exchanged. A lot of them will either end up in the closet never to be used or recycled to become another person's gift next year. Infact I am sure we can all tell stories of bad or good gifts at Christmas time.

No matter how well intentioned our gifts are to us, one finds that after a while the euphoria fades, the gift fails to satisfy and soon it is relegated to the collection of gifts of past years. We become tired of our gifts very soon.

**So why not do some thing different this year - give a gift with a difference - give the gift of the unexpected. And it follows that you can only give the unexpected gift to those who least expect it or do not expect it at all. There are various ways you can do this. One visit to a lonely neighbour, one phone call to a long- winded friend whom you have been avoiding, one meal given to a needy person, buying a set of Christmas attire for the poor.**

How about doing the unexpected to those whom you deem undeserving? The task will be hard as it may involve turning the other cheek, doing good to those who hate us and loving our enemies. By doing the unexpected we bring the gift of love and prove the old age axiom that love indeed conquers all.

Some of us may be hesitant because doing the unexpected especially for those who are undeserving runs against the very grain of human nature. We tend to think of ourselves first. We naturally do what is best for us. But real love is placing the needs of others before our own. It is giving to another without getting anything back. It is giving others what they need - not what they deserve. If we love God, we must love others. Apostle John makes this clear in 1John 4:20b " For whoever does not love their brother and sister whom they have seen cannot love God, whom they have not seen". This is no small task but that is where faith comes in - to believe the Lord against all odds and to obey Him even if the action backfires.

Christmas is round the corner. How about giving a cup full of kindness, the gift of forgiveness or a sincere phone call to someone who would never expect it and might not even deserve it. God did it when His Gift came to us wrapped in swaddling clothes, lying in a manger on that First Christmas. This is doing the unexpected for the undeserving.


# “THOU DIDST LEAVE THY THRONE”



SS. 35

Lyrics : Dr. SAMSON NESSIAH

Doh is F




**Liberation from passion to possess**

For many people, the purpose of life is to earn and earn, and not learn. We find many people live with the sole purpose to grab and grab, no matter if others suffer.

J.N. Darby has written an aphoristic statement: “Oh the joy of having nothing and being nothing, seeing nothing but a living Christ in glory, and being careful for nothing but His interests down here”. To Darby, Christ was all in all. He was liberated from the passion to possess. (A possession-possessed man will be restless when the final summons comes).



# ക്രിസ്തു ജനനം : അന്നും ഇന്നും

**സുജു സത്യനാഥൻ**

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും പ്രാധാന്യമേറിയ സംഭവങ്ങളിൽ ഒന്നാണ് ക്രിസ്തു ജനനം. അത് ചരിത്രത്തെ എ.ഡി. എന്നും ബി.സി. എന്നും രണ്ടായി വിഭജിച്ചുവെന്ന് സാധാരണയായി പറയുന്നതിലുപരി, ക്രിസ്തു ജനനം പിൽക്കാല ചരിത്രമുൾപ്പടെ സകല ലൗകീക തലങ്ങളെയും സ്വാധീനിച്ചു കൊണ്ടിരിക്കുന്നതും ആത്മീക മണ്ഡലത്തിൽ ചെലുത്തിയ മാറ്റങ്ങളുമാണ് എടുത്ത് പറയേണ്ടുന്നവ.

ചരിത്രപ്രാധാന്യം ഏറിയതിനൊപ്പം തന്നെ യേശുവിന്റെ ജനനം പലതരം വിവാദങ്ങളും തെറ്റിദ്ധാരണകളും വർദ്ധിക്കുവാൻ കാരണമായി എന്ന് പറയാതെ വയ്യ. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" എന്ന സുവാർത്താദൂതന്റെ വാക്കുകൾ അന്നത്തെ ജനത്തിന്റെ ശാസ്ത്ര ബോധത്തിന് അതീതമായിരുന്നു. ദൂതൻ നേരിട്ട് ബോധ്യപ്പെടുത്തും വരെ യോസേഫും തെറ്റിദ്ധരിച്ചതായി വേദപുസ്തകത്തിൽ കാണുവാൻ കഴിയും (മത്തായി 1:19). വർഷങ്ങൾക്കുശേഷം **യേശുവിന്റെ പരസ്യശുശ്രൂഷ കാലത്ത് തന്റെ വചനം ശ്രവിക്കുകയും വീര്യപ്രവർത്തികൾ കാണുകയും, എന്തിനേറെ, താൻ വാഴ്ത്തി അനുഗ്രഹിച്ചു നൽകിയ അപ്പവും വീഞ്ഞും വാങ്ങി ഭക്ഷിച്ചവരുമായ ആയിരക്കണക്കിന് വരുന്ന പുരുഷാരത്തിനു പോലും (ദൈവീക ദർശനം ലഭിച്ച ശിഷ്യന്മാർ ഒഴികെ) യേശുവിനെ ദൈവപുത്രനായ ക്രിസ്തുവെന്ന് അംഗീകരിക്കാൻ കഴിഞ്ഞില്ല (മത്തായി 16:1316).**

ആദിമ നൂറ്റാണ്ടുകൾ കൊടിയ പീഢനത്തിൽക്കൂടി കടന്നുപോയ സഭയെ പിൽക്കാലത്ത് റോമാസാമ്രാജ്യം ഏറ്റെടുത്ത് ഔദ്യോഗിക മതമാക്കിയതിനു ശേഷവും, അധികാരികളെ പ്രീണിപ്പിക്കാനായും ലൗകീക ലാഭത്തിനായും ക്രിസ്തുമതം സ്വീകരിച്ച നാമധേയ ക്രിസ്ത്യാനികൾക്ക്, അനാദിയായ ദൈവം തന്നെത്താൻ താഴ്ത്തി കന്യകയിൽക്കൂടി മനുഷ്യനായി മാറിയ വസ്തുതയെ ഉൾക്കൊള്ളാനായില്ല. ആത്മീയദർശനം ഇല്ലായിരുന്ന അത്തരക്കാർ ഈ ആത്മീയ സത്യത്തെ അവിശ്വാസികളുടെ മുന്നിൽ വിശദീകരിക്കുന്നതിലേക്കായി യേശുവിന്റെ അമ്മ മറിയയെക്കുറിച്ച് വേദപുസ്തക വിരുദ്ധമായ

ആശയങ്ങൾ തിരുകിക്കയറ്റിയതു കാരണം ഒരു വലിയകൂട്ടം ക്രിസ്തീയ വിശ്വാസികൾ സത്യമാർഗ്ഗത്തിൽ നിന്ന് തെറ്റിപ്പോയ ദുരന്തം ചരിത്രത്തിൽ കാണാവുന്നതാണ്.

യേശുവിന്റെ ശിഷ്യന്മാർ മുതൽ ഇന്നുവരെയുള്ള ദൈവജനം ആത്മീയ കണ്ണുകളിൽ കൂടി കണ്ട് വിശ്വാസത്താൽ ഉൾക്കൊണ്ടുവന്ന ക്രിസ്തു ജനനം സാമാന്യ ജനത്തിന് ഒരു പരിധിവരെ എങ്കിലും ഗ്രഹിക്കുവാനായത് ആധുനിക കാലത്ത് ടെസ്റ്റ് റ്റ്യുബ് ശിശു പോലെയുള്ള ചികിത്സാ സമ്പ്രദായങ്ങൾ കണ്ടുപിടിച്ചതിന് ശേഷം മാത്രമാണ്. ലൗകീക മണ്ഡലത്തെ മാത്രം പ്രതിനിധീകരിക്കുന്ന ശാസ്ത്രത്തിന് ആത്മീക പ്രവർത്തികളെ വ്യാഖ്യാനിക്കുവാൻ കഴിയുകയില്ലെന്നും ആത്മീക സത്യത്തെ ആത്മീക ദർശനമുള്ള ദൈവജനത്തിനു മാത്രമേ ഒരു പരിധിവരെയെങ്കിലും ഗ്രഹിക്കുവാൻ കഴിയൂ എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

അത്തരം കണ്ണുകളിൽക്കൂടി നോക്കുമ്പോൾ ക്രിസ്തു ഇന്നും അനുനിമിഷം ജനിച്ചു കൊണ്ടിരിക്കുന്നതായി കാണുവാൻ കഴിയും. അന്ന് ബെത്‌ലഹേമിന്റെ തെരുവീഥികളിൽ കൂടി ദൈവപുത്രന്റെ ജനനത്തിനായി വാതിലുകൾ തോറും മുട്ടി നടന്നതുപോലെ, ഇന്നും ദൈവ വചനമായ ക്രിസ്തു ആരെങ്കിലും തനിക്കായി വാതിൽ തുറക്കുമോ എന്നാരാഞ്ഞ് തിരുപ്പിറവിക്കായി ഇടം അന്വേഷിച്ച് ജനഹൃദയകവാടങ്ങളിൽ മുട്ടിക്കൊണ്ടിരിക്കുന്നു.

**തനിക്ക് പാർക്കുവാൻ ഇടം നൽകുന്ന സന്മനസ്സുള്ളവർക്കായി യേശു രക്ഷകൻ ലോകം തരാത്ത സമാധാനവും പുതുജനനത്തിന്റെ അനുഭവവും പ്രദാനം ചെയ്യുന്നു. ഒരു പക്ഷെ ഹെരോദാവിനെ പോലെ ദുഷ്ടാത്മ സൈന്യം നമ്മെ നശിപ്പിപ്പാൻ പിൻതുടർന്നേക്കാം. കൂടാതെ, യേശു പൈതൽ ഹെരോദാവിന്റെ കാലം കഴിയുന്നതുവരെ മിസ്രയീമിൽ പാർത്തതുപോലെ, നമുക്കും ഒരു വേർപാടിന്റെ അനുഭവം ആവശ്യമായി വന്നേക്കാം.**

പ്രതിസന്ധികൾ എന്തുതന്നെ വന്നാലും നമ്മിൽ ജനിക്കുന്ന ദൈവപുത്രന് വളരുവാനായി നമ്മുടെ ചിന്തയും സംസാരവും പ്രവർത്തിയും വെടിപ്പാക്കിവയ്ക്കാം. രക്ഷകനെ വീണ്ടും വീണ്ടും ക്രൂശിക്കുന്ന പാപ സ്വഭാവങ്ങളെ ഉപേക്ഷിക്കാം. വരുന്ന ക്രിസ്തുമസ്സ് നാളുകൾ ജീവിതാന്ത്യം വരെ സന്തോഷത്തിന്റെ ഓർമ്മകൾ പ്രദാനം ചെയ്യുന്ന രൂപാന്തരത്തിന്റെയും പുതുക്കത്തിന്റെയും നാളുകളാക്കി മാറ്റാം.

# Congratulations

## MM Church members in Service

### Board Members of YMCA



**Sri. David Gainneos** (Family No. 1948)
തിരുവനന്തപുരം YMCA യുടെ
ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടു.



**Sri. Jothi Sathianess A.** (Family No. 1323)
തിരുവനന്തപുരം YMCA യുടെ ബോർഡ്
മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ടു.

### Appointment



**Er. Arun Mathew S.** (Family No. 1748)
Income Tax Department -ൽ Tax Asst. ആയി നിയമിതനായി.
Father : R. Selvaraj Tr. (Late)
Mother : Saly Selvaraj
Brother : Kiran Mathew S

### Elected as Board members of YWCA



**Mrs. Beulah Gainneos**



**Ms. Tinu Ivy Jacobs**



**Dr. Manju Renjit**

Congratulations

# MM Church members in Research & Innovation

## Economists



**Dr. B Alwin Prakash**



**Dr. Jerry Alwin**

(Father/Son duo in the limelight)

Noted economist Dr. B. Alwin Prakash's latest book - **"Kerala's Economic Development: Covid-19 Pandemic, Economic Crisis and Public Policy"**- has been released on 8th August 2023, at a crucial time when the Kerala state is grappling with severe financial crisis. Co-authored and co-edited by his son Dr. Jerry Alwin, (Asst. Professor of Economics, SN College, Varkala) the book comprises 21 original essays that delve into the economic crisis the state faces, and suggest ways to navigate it. The 75 year old former Professor and Head of the Kerala University Economics department Dr. B Alwin Prakash holds a prolific history of publishing economics books over the past five decades.

## Rising high in Inventions and Patents
## Jinoj Titus on Linked In : US11809577B2



**Er. Jinoj Titus**

(Toronto, Ontario, Canada)

(Er. Jinoj Titus, son of Prof. Titus S, Statue)

Er. Jinoj Titus, an experienced leader in the application areas of Big Data and Advanced Analytics holding responsibility for shaping and delivering solutions has now earned the 2nd granted Patent - **"Application of trained artificial intelligence process to encrypted data within a distributed computing environment"** - Patent number: 11809577.




Dear little ones,

Wish and hope that you are into the blessed experience of Christmas. This historic event opens up hope for mankind. Glorious redemption from sin and open door for eternal life.

In every circumstance, there are umpteen possibilities. But, these unseen possibilities can be realised only by those who hold on to hope. The most important mission of a person is to rouse hope in the lives of others. Hope is a hidden wealth. Hope imparts goodness in us and all those around us.

**Let me introduce to you Dr. Hugson Silviya from Sri Lanka. He was a man filled with hope and generosity. He accepted the eyes of his own mother and started 'eye donation organisation', which spread world over in a few years. He could convince the people of Sri Lanka to make it a practice to donate eyes upon death. For the first time on 25th May 1964, he exported six eyes to Singapore which later developed into an international bank. He collected more than five thousand and five hundred human eyes within a period of four decades.**

By now, Dr. Hugson Silviya's eye donation organisation has its activity in 62 countries. He suffered a lot in his adventurous endeavour. He gave hope to millions of blind people enabling them to receive sight. He has bagged international awards and five doctorate degrees. "Light to the Blind" is his watchword and slogan. In spite of the fact that he himself is a cancer patient, the unfailing hope in him has brightened the lives of untold millions all across the globe.

During this Christmas season, let me encourage each little one pray to the Lord to ignite the inbuilt hope in you to apply it for noble service to the suffering people in this world.

**- *Uncle Kids'***


# CSI MATEER MEMORIAL CHURCH

# CHRISTMAS - NEW YEAR PROGRAMMES

| Date | Day | Time | Programme |
|---|---|---|---|
| 1st to 20th Dec 2023 | | 6:00 PM | Christmas Carol Rounds |
| 3rd Dec 2023 | Sunday | 9:00 AM | Annual Thanksgiving Service (117th MMChurch Dedication Day) |
| 9th Dec 2023 | Saturday | 8:30 AM | Annual Harvest Festival |
| 10th Dec 2023 | Sunday | 7:15 AM | Tamil Service |
| | | 9:00 AM | Malayalam Service |
| | | 10:30 AM | Annual Harvest Festival Continues |
| 17th Dec 2023 | Sunday | 7:15 AM | Tamil Service |
| | | 9:00 AM | Malayalam Service |
| | | 6:30 PM | Christmas Carol Service by CEYF |
| 23rd Dec 2023 | Saturday | 7:00 AM | Gnanabharanam Memorial Sports Competition |
| | | 10:00 AM | Christmas Kit Distribution |
| | | 3:00 PM | Manger & Christmas Tree Competition |
| | | 6:00 PM | Combined Christmas Celebration |
| 24th Dec 2023 | Sunday | 7:15 AM | Tamil Service |
| | | 9:00 AM | Malayalam Service |
| | | 6:00 PM | Christmas Eve Service & Carols by MM Church Choir |
| 25th Dec 2023 | Monday | 7:15 AM | Christmas Service (Tamil) |
| | | 9:00 AM | Christmas Service (Malayalam) |
| | | 3:00 PM | Christmas Tree |
| 26th to 31st Dec 2023 | | | Year Ending Prayer |
| 31st Dec 2023 | Sunday | 7:15 AM | Tamil Service |
| | | 9:00 AM | Malayalam Service |
| | | 11:00 PM | New Year Service |

# CROSSWORD PUZZLE - 9

*Compiled by*
**PREMCHAND JOHNSON**



**Across**

1. Mineral which enhances bone growth (7)
6. Opposite of natural (10)
8. Cinderella's deadline (8)
10. Eliab's father num 1:9 (5)
13. Christmas song (5)
14. Where river meets the sea (7)
16. Cake dough before its cooked (6)
17. Smallest planet (7)
18. Jesus's birthplace (9)
20. 'Gut' meaning (7)

**Down**

2. Cover in thin plastic (8)
3. The wise men who visted Jesus child(4)
4. Capital of Ethiopia (10)
5. A church which is the official seat of a bishop(9)
7. Unit of light power (5)
9. A Christian epic movie with 11 oscars(6)
11. Leah to Rachel Gen29:18(6)
12. A bat and ball game (7)
15. Substances required for human cell growth rep: by 'aecdk...etc'
19. 'The children of lod, hadid and .............'= Neh7:37(3)

---

**Answers To Crossword 8** :

1) Sweat , 1) Switchbalde , 2) East , 3) Cleanliness , 3) Canaan
5) Sos, 6) Laughing, 7) Rodents, 8) Peninsula, 9) Iron, 10) Moses
11) Sheep, 12) Mirage, 13) Humidity, 14) Glean, 15) Moscow
15) Mercury, 17) Dessert

---

Winners of crossword 8 : Mrs. Reeja Inbu, Dr. Preethi Davidson

---

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. Whatsapp your answer to 9447018118

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Second epistle written by Apostle Peter and the three epistles by Apostle John. Kindly, read these ten chapters before attempting the quiz.The reading portioncontains teachings by two Apostles, Peter and John, who walked very closely with Jesus. Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before December23rd through email at churchvoicequiz@gmail.com

> Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
> After taking a photo make sure that the answers are readable before sending it.
> Email is the only mode of communication.

*Email is the only mode of communication.*
*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. What drives out fear?
2. Apostle Peter is exhorting us to add what to our faith?
3. What are not burdensome?
4. Who will deny the sovereign Lord who bought them?
5. What will happen to the elements on the day of the Lord?
6. If anyone loves the world, the love of ……………………… is not in him.
7. What is lawlessness?
8. Who is saying that even though he has much to write, he does not want to use paper and ink?
9. What purifies us from all sin?
10. Who is well spoken of by everyone, and even by the truth itself?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions. Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

The correct answers to the quiz from James and 1 Peter

1. Serve others (1 Pet. 4:10)
2. A righteous man (Jas. 5:16)
3. Master (1 Pet. 3:6)
4. He should ask God, who gives generously to all without finding fault (Jas. 1:5)
5. Tongue (Jas. 3:8)
6. Anyone who chooses to be a friend of the world (Jas. 4:4)
7. By obeying the truth (1 Pet. 1:22)
8. It is dead (Jas. 2:26)
9. The devil (1 Pet. 5:8)
10. That the Lord is good (1 Pet. 2:3)

List of people who had submitted the right answers to the quiz from Hebrews 4-13

1. Sujana Satish
2. Jolly David
3. Meehal Godwin
4. Latha Job
5. Shinitha Ebenezer
6. Veerudh Jones
7. Chandra John
8. Helen Saramma E. H.
9. Myrtle Pushpa D.
10. Soben S. L.
11. Lilora P. R.
12. Nesakumari Davidson
13. Nirmala Lal Jayakumar
14. Lalitha Jacob
15. Reuben S. L.
16. Anie Reuben
17. Gladis J.
18. J. Sumangala
19. Jothi Roberts
20. Dora Johnson
21. Mershika John
22. Anitha Kingsley
23. Girly Rajesh John
24. Rajesh John Ross

---

List of people who had submitted the right answers to the quiz from James and 1 Peter

1. Chandra John
2. Meehal Godwin
3. Sujana Satish
4. Lilora P. R.
5. Latha Job
6. Jolly David
7. Gladis J.
8. Soben S. L.
9. Jothi Roberts
10. Reuben S. L.
11. Anie Reuben
12. J. Sumangala
13. Lalitha Jacob
14. Dora Johnson
15. Jolly Irene G.
16. Helen Saramma E. H.
17. Mary Padmini Jasper
18. Nirmala Lal Jayakumar
19. Girly Rajesh John
20. Rajesh John Ross
21. Anitha Kingsley
22. Mershika John

---

## ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ

**ഡിസംബർ 2023**

**ഡിസംബർ2023, 2 പത്രൊസ്, 1–3 യോഹന്നാൻ**

1. എന്താണ് ഭയത്തെ പുറത്താക്കിക്കളയുന്നത്?
2. വിശ്വാസത്തോടു എന്തു കൂട്ടിക്കൊൾവാനാണ് അപ്പൊസ്തലനായ പത്രൊസ് നമ്മെ പ്രബോധിപ്പിക്കുന്നത്?
3. എന്താണ് ഭാരമുള്ളവയല്ലാത്തത്?
4. ആരാണ് തങ്ങളെ വിലെക്കുവാങ്ങിയ നാഥനെ തള്ളിപ്പറയുന്നത്?
5. കർത്താവിന്റെ ദിവസത്തിൽ മൂലപദാർത്ഥങ്ങൾക്ക് എന്ത് സംഭവിക്കും?
6. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ... അവനിൽ സ്നേഹം ഇല്ല.
7. എന്താണ് അധർമ്മം?
8. എഴുതുവാൻ പലതും ഉണ്ടെങ്കിലും കടലാസ്സിലും മഷികൊണ്ടും എഴുതുവാൻ മനസ്സില്ല എന്നു പറയുന്നത് ആര്?
9. സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നത് എന്താണ്?
10. ആർക്കാണ് എല്ലാവരാലും സത്യത്താൽ തന്നേയും സാക്ഷ്യം ലഭിച്ചിട്ടുള്ളത്?

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No 621 | **EDWIN JACOB C.**<br>A77, Kanaka Nagar, Trivandrum<br>Died on : 01-11-2023 |  |
| Family No 962 | **RACHEL RAJARETNAM**<br>Alappat Buildings, Bakery Jn, Trivandrum<br>Died on :13-11-2023. |  |
| Family No 1356 | **PRADIP J. STEWART**<br>PRA 181, Temple Road,<br>Parottukonam, Trivandrum<br>Died on : 23-11-2023. |  |
| Family No 758 | **SAMUEL P.**<br>Shibu Vilasom, Pappadu,<br>Kachani, Trivandrum<br>Died on : 23-11-2023. |  |
| Family No 2124 | **SHEEBA RANI**<br>House No. GRA. 650,<br>Goureeshapattom, Trivandrum<br>Died on : 23-11-2023. |  |
| Family No 1554 | **JAGATHAMMA**<br>Nedumkuzhi, Vilappilsala, Trivandrum<br>Died on : 29-11-2023. |  |

## 22nd Death Anniversary



*In loving memory of*

## S. Devadhas (Babu)

**21st July 1942 - 7th Nov 2001**

*'Till memory fades and life departs, you will live forever in our hearts*

***Deeply missed by wife and children***

---

*'Rock of Ages, cleft for me, let me hide myself in Thee...'*

**FOURTH DEATH ANNIVERSARY**
**14-12-2023**



**V.K.ALBERT**
(Rtd.Deputy Director, Survey & Land Records Department)

"My Grace is sufficient for you,
for my power is made perfect in weakness.
Therefore I will boast all the more gladly
about my weaknesses, so that
Christ's power may rest on me".

*II Corinthians 12:9*

**We will always gratefully remember, how you fervently lived by the scriptures**
*Lovingly Kesi Roselet, Huygheen Albert, Einstein Albert, Alwin Davis, Joshua Alwin and John Alwin*

"Celebrate
the Festival of Harvest
with the first fruits
of the crops
you sow
in your field.




# Annual Harvest Festival 2023

**09 & 10 DECEMBER 2023**

**Venue**

**JOHNSON HALL KOWDIAR**

## MATEER MEMORIAL CSI CHURCH



**Inauguration**



**Er. Enose Titus**
(Rtd. Senior Advisor,
Kuwait Joint Operations Oil Company)
Sweet Home, Nandavanam

*Have a Great time Celebrating the joy of Christmas*

**ATTRACTIONS**

**FOOD STALLS | AUCTION**
**FAMILY STALL | CONTESTS**
**LUCKY DIP | GAMES**
**ONLINE BIDDING | HOURLY RAFFLE**